പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1190 20.03.2012 ൽ മറുപടിക്ക്

# കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രവർത്തികൾ

**ചോദ്യം**

ശ്രീ. എം.വി.ശ്രേയാംസ് കുമാർ :

(എ) നടപ്പു സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ;

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പു മന്ത്രി)

(എ)ദേശീയപാതാ 212-ൽ കി.മീ. 66/000 മുതൽ 76/000 വരെയും 76/000 മുതൽ 97/600 വരെയും ഉള്ള റീച്ചുകളിൽ ഉപരിതലം പുതുക്കുന്ന ജോലികൾ നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

നടപ്പു സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നു:-

1. വൈത്തിരി സബ്ട്രഷറിക്ക് പ്രത്യേക പണികൾ.
2. കൽപ്പറ്റയിൽ സിവിൽ സ്റ്റേഷൻ രണ്ടാം ഘട്ടം
3. സുൽത്താൻ ബത്തേരി ഗവഃ സർവന്റ് ക്വാർട്ടേഴ്സും ഹോസ്റ്റലും നിർമ്മാണം
4. കൽപ്പറ്റ ഗവഃ കോളേജിൽ കെട്ടിട നിർമ്മാണം (എക്സാം ഹാൾ)
5. കൽപ്പറ്റ ഗവഃ കോളേജിൽ ഓഡിറ്റോറിയം നിർമ്മാണം
6. കൽപ്പറ്റ ഗവഃ കോളേജിൽ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം
7. മേപ്പാടി ഗവഃ പോളിടെക്നിക്ക് കെട്ടിട നിർമ്മാണം
8. കൽപ്പറ്റയിൽ ഐ റ്റി ഐ യിൽ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം

9. പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം
10. വയനാട് ഗവഃ പ്രസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

നടപ്പുസാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പ്ലാൻ ഇനത്തിൽ ആകെ 7 പ്രവൃത്തികളും (4170 ലക്ഷം രൂപ) നോൺ പ്ലാനിനത്തിൽ 46 പ്രവൃത്തികളും (429.85 ലക്ഷം രൂപ) 13-ാം ധനകാര്യ കമ്മീഷന്റെ കീഴിൽ 17 പ്രവൃത്തി (196.5 ലക്ഷം രൂപ) കളുമാണുള്ളത്. അതിൽ നോൺ പ്ലാനിനത്തിൽ 30 പ്രവൃത്തികളും 13-ാം ധനകാര്യ കമ്മീഷന്റെ കീഴിൽ 11 പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഇതിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചവ ഏതെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (ബി) നിരത്തുകളും പാലങ്ങളും വിഭാഗം സംബന്ധിച്ചവ അനുബന്ധമായി ചേർത്തിരിക്കുന്നു. |

താഴെപ്പറയുന്ന കെട്ടിട വിഭാഗം പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനു മതിയും ലഭിച്ചിട്ടുണ്ട്.

1. കൽപ്പറ്റ ഗവഃ കോളേജിൽ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം
2. മേപ്പാടി ഗവഃ പോളിടെക്നിക്ക് കെട്ടിട നിർമ്മാണം
3. കൽപ്പറ്റയിൽ ഐ റ്റി ഐ യിൽ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം
4. വയനാട് ഗവഃ പ്രസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

ദേശീയപാതാ 212-ൽ കി.മീ.66/000 മുതൽ 76/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചു. ഈ പ്രവൃത്തിയുടെ ടെണ്ടർ

നടപടി കഴിഞ്ഞു. കരാറുകാരനോട് ഉടനടി എഗ്രിമെന്റ് വച്ച് പണി തുടങ്ങാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി ഏപ്രിൽ ആദ്യവാരത്തിൽ തുടങ്ങാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കി.മീ. 76/000 മുതൽ 97/600 വരെ ദേശീയപാത 212-ൽ ഉപരിതലം പുതുക്കുന്ന പദ്ധതി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താമസിയാതെ ഭരണാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

| | | |
|---|---|---|
| 1 | കൽപ്പറ്റ ഗവ: കോളേജിൽ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | മേപ്പാടി ഗവ: പോളിടെക്നിക്ക് കെട്ടിട നിർമ്മാണം | അക്കാഡമിക് ബ്ലോക്കിന്റെ തറനിരത്തൽ പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | കൽപ്പറ്റയിൽ ഐ റ്റി ഐ യിൽ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം | ഫസ്റ്റ് ഫ്ളോർ സ്ലാബ് പ്രവൃത്തി പുരോഗമിക്കുന്നു. |
| 4 | വയനാട് ഗവ: പ്രസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം | പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.